# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218** **26.9.2011 ന് മറുപടിയ്ക്ക്**

സപ്ലൈകോയിൽ നിലനിൽക്കുന്ന ഡെപ്യൂട്ടേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള<br>,, മോൻസ് ജോസഫ് | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ നിലനിൽക്കുന്ന ഡെപ്യൂട്ടേഷൻ വ്യവസ്ഥ ഇല്ലാതാക്കി പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;<br><br>(ബി) സപ്ലൈകോ ഉദ്യോഗസ്ഥരുടെ നിലവിലുള്ള പ്രൊമോഷൻ വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (എ) &(ബി)<br>സപ്ലൈകോയിലെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്രൂട്ട്മെന്റ് പ്രൊമോഷൻ റൂൾസ് 4.9.2010 ലെ G.O(Ms)No.30/2010/F&CSD ഉത്തരവു പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ടി ഉത്തരവിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികകളിൽ 50% ഒഴിവുകളിലേയ്ക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകളിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് അംഗീകാരം നൽകിയിരുന്നു. 6.7.2011 ലെ G.O(Ms)No.27/2011/F&CSD ഉത്തരവു പ്രകാരം 4.9.2010 ലെ ഉത്തരവു സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിലുള്ള ഡെപ്യൂട്ടേഷൻ സിവിൽ സപ്ലൈസ് വകുപ്പിലെയും സിവിൽ സപ്ലൈസ് കോർപ്പറേഷനിലെയും അധികാരികളുടെയും ബന്ധപ്പെട്ട യൂണിയനുകളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞശേഷം പുനഃപരിശോധിക്കേണ്ടതുണ്ടോ എന്ന് സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തശേഷം മാത്രമേ സ്റ്റേ ഉത്തരവ് പിൻവലിക്കാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| ലാഭനഷ്ടങ്ങൾ കഴിയുകയുള്ളൂ. | കണക്കാക്കാൻ |

സെക്ഷൻ ഓഫീസർ